# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1940 — 11.02.2020-ൽ മറുപടി നൽകേണ്ടത്.

## സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിന്റെ പ്രവർത്തന സമയത്ത് ഒപ്പം കൂടെ നിർത്തുന്നതുമായി ബന്ധപ്പെട്ട 18.05.2018-ലെ 112/എ.ആർ.13(2)/18/ഉ.ഭ.പ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ), (ബി), (സി) & (ഡി) | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് വകുപ്പ് മേലധികാരികൾ/ വകുപ്പ് അദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തണമെന്നും, നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടും കൂടിയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ വിഷയത്തിൽ വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല.<br>സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഓഫീസിന്റെ പ്രവർത്തന സമയത്ത് ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിലുണ്ടാകുന്ന അമാന്തത മനുഷ്യാവകാശ കമ്മീഷൻ എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഇക്കാര്യം ഉറപ്പാക്കേണ്ട ഭരണകൂടം പ്രസ്തുത ബാധ്യത കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ ഭരണ സിരാകേന്ദ്രത്തിലുൾപ്പെടെയുള്ള സർക്കാർ ശമ്പളം പറ്റുന്ന എല്ലാ ജീവനക്കാർക്കും നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നൽകുമോ; | | |
| (ഡി) | ഇല്ലെങ്കിൽ വേറിട്ട തീരുമാനത്തിന് സർക്കാരിന് ഉദ്ദേശ്യമുണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്തുമോ? | | |

Deepa

**സെക്ഷൻ ഓഫീസർ**